(ബി) സംസ്ഥാനത്തെ ഉപയോഗശൂന്യമായ പൊതുകിണറുകളും, തോടുകളും, പുഴകളും നികത്തുന്നത് തടയുന്നതിനും ഉപയോഗശൂന്യമായ കുളങ്ങളും തോടുകളും പുഴയോരങ്ങളും മണ്ണിട്ട് നികത്തുന്നതും വീട് വയ്ക്കുന്നതും തടയുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

ഉത്തരം

(എ) ജലസേചന സൗകര്യം മെച്ചപ്പെടുത്താൻ വി. സി. ബി.-കളുടേയും ചെക്ക്ഡാമുകളുടേയും നിർമ്മാണം ഇറിഗേഷൻ വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. ഇതിന്റെ ചെലവ് സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു. 11-ാം ധനകാര്യ കമ്മീഷന്റെ വിഹിതപ്രകാരം വാട്ടർ അതോറിറ്റി 15 തടയണകളും 7 സോഴ്സ് ഇംപ്രൂവ്മെന്റ് പദ്ധതികളുടേയും നിർമ്മാണം ഏറ്റെടുത്തിട്ടുണ്ട്. ഈ പദ്ധതികൾക്ക് ആകെ 158.96 ലക്ഷം രൂപ വാട്ടർ അതോറിറ്റി ചെലവഴിച്ചു.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

ഗ്രാമീണ ജലവിതരണ ശുചിത്വ ഏജൻസിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

32 [5996] ശ്രീ. കെ. സി. വേണുഗോപാൽ:
,, എ. സുജനപാൽ:
,, എ. കെ. മണി:
,, പി. ടി. തോമസ്:
പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ജലവിതരണ ശുചിത്വ ഏജൻസിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത ഏജൻസിയുടെ ഘടന വിശദീകരിക്കുമോ;

(സി) ഈ ഏജൻസി നാളിതുവരെ എത്ര പദ്ധതികളുടെ പ്രവർത്തനം ഏറ്റെടുത്തിട്ടുണ്ട്;

(ഡി) ഈ പദ്ധതികളുടെ പണി പൂർത്തിയായോ;

(ഇ) ഇവയ്ക്കുവേണ്ടി ഇന്നേവരെ എന്തു തുക ചെലവാക്കി;

(എഫ്) ഇവയുടെ പൂർത്തീകരണത്തിന് ഇനി എന്തു തുകകൂടി ചെലവാകുമെന്ന് പ്രതീക്ഷിക്കുന്നു;

(ജി) ഈ പദ്ധതികളുടെ പ്രയോജനം എത്രപേർക്ക് ലഭിക്കും; ഈ പദ്ധതികൾക്കുവേണ്ടി ലോക ബാങ്ക് എന്തു തുക ചെലവഴിച്ചു;

(എച്ച്) ഈ തുകയുടെ തിരിച്ചടവ് സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാം;

(ഐ) ഈ പദ്ധതിക്ക് ആവശ്യമായിവരുന്ന അറ്റകുറ്റപ്പണികളും മറ്റും ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം ആരിലാണ് നിക്ഷിപ്തമായിരിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഗ്രാമീണ ശുദ്ധജലവിതരണത്തിനും പരിസര ശുചിത്വത്തിനും സേവന ഗുണനിലവാരം ഉയർത്തുക, ഇതിനായി ഘട്ടംഘട്ടമായി അനുയോജ്യമായ നയപരിപാടികളും നവീകരണ പദ്ധതികളും നടപ്പാക്കുക, ആവശ്യാധിഷ്ഠിതമായതും സുസ്ഥിരമായതുമായ പദ്ധതികൾ തിരഞ്ഞെടുക്കപ്പെടുന്ന ജില്ലകളിൽ നടപ്പാക്കുക, ഇപ്രകാരം നടപ്പാക്കുന്ന നവീകരണ പദ്ധതികളിലൂടെ ശുദ്ധജലവിതരണ രംഗത്ത് ഉചിതമായ നയരൂപീകരണത്തിന് കേരള സർക്കാരിനെ സഹായിക്കുക എന്നിവയാണ് ഗ്രാമീണ ശുദ്ധജലവിതരണ ശുചിത്വ ഏജൻസിയുടെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

(ബി) തിരുവിതാംകൂർ-കൊച്ചി ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത പ്രസ്തുത ഏജൻസിയുടെ ഭരണം ഭരണസമിതിയിൽ നിക്ഷിപ്തമാണ്. ജലവിഭവ വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായ സമിതിയിൽ ധനകാര്യവകുപ്പ് (റിസോഴ്സസ്) സെക്രട്ടറി, തദ്ദേശസ്വയംഭരണ (റൂറൽ) വകുപ്പു സെക്രട്ടറി, കേരളാ വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ എന്നിവർ അംഗങ്ങളും കെ. ആർ. ഡബ്ല്യു. എസ്. എ. എക്സിക്യൂട്ടീവ് ഡയറക്ടർ മെമ്പർ സെക്രട്ടറിയുമാണ്.

എക്സിക്യൂട്ടീവ് ഡയറക്ടറുടെ നേതൃത്വത്തിൽ ജലവിതരണം, ഗ്രാമവികസനം, പൊതുഭരണം, ധനകാര്യ വകുപ്പുകളിലെ ഉയർന്ന ഉദ്യോഗസ്ഥർ, മാനേജ്മെന്റ് വിദഗ്ധർ എന്നിവരടങ്ങുന്ന പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് തിരുവനന്തപുരത്തും, ജില്ലകളിൽ മാനേജർമാരുടെ നേതൃത്വത്തിൽ ജില്ലാ യൂണിറ്റുകളും പ്രവർത്തിക്കുന്നു.

(സി, ഡി) അഞ്ചു ഘട്ടങ്ങളിലായി നടപ്പാക്കുന്ന ലോകബാങ്ക് സഹായത്തോടെയുള്ള ജലനിധി പദ്ധതി മൂന്നു ഘട്ടങ്ങളിലായി 61 പഞ്ചായത്തുകളിൽ നിർവ്വഹണം ആരംഭിച്ചു. ഒന്നാം ഘട്ടത്തിൽ 121 പദ്ധതികൾ ആരംഭിച്ചതിൽ 116 എണ്ണം പൂർത്തിയായി. രണ്ടാം ഘട്ടത്തിൽ 858 പദ്ധതികൾ ആവിഷ്കരിച്ചു. 600-ഓളം പദ്ധതികൾ ഈ സാമ്പത്തിക വർഷംതന്നെ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 22 പദ്ധതികളുടെ ഉദ്ഘാടനം ഇതിനകം നടപ്പാക്കിക്കഴിഞ്ഞു.

(ഇ) ഇതുവരെ പൂർത്തിയാക്കിയ ശുദ്ധജല വിതരണ ശുചിത്വ പദ്ധതികൾക്കായി 11 കോടി രൂപയോളം ചെലവായി.

(എഫ്) പദ്ധതിയിൽ വിഭാവനം ചെയ്യുന്ന മുഴുവൻ തുകയും ചെലവിടത്തക്കവിധം (451 കോടി രൂപ) 2006-2007-ഓടെ കൂടുതൽ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതാണ്.

(ജി) പദ്ധതി ജില്ലയിൽ 15 ലക്ഷം ജനങ്ങൾക്ക് പ്രയോജനം നേരിട്ട് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതികൾക്കുവേണ്ടി 24.6 കോടി രൂപ ലോകബാങ്ക് ചെലവഴിച്ചിട്ടുണ്ട്.

(എച്ച്) ലോകബാങ്ക് കേന്ദ്ര സർക്കാരുമായുള്ള കരാർ അനുസരിച്ച് പലിശരഹിത വായ്പയായി സ്വീകരിച്ച്, പദ്ധതി തുക 2011-ൽ തുടങ്ങി 25 വർഷം കൊണ്ട് തിരിച്ചടയ്ക്കണം. കേരള സർക്കാർ 70:30 അനുപാതത്തിൽ ലോണും ഗ്രാന്റുമായി ലഭിക്കുന്നതിൽ വായ്പ തുക കേന്ദ്ര സർക്കാരിന് തിരിച്ചടയ്ക്കണം.

(ഐ) പങ്കെടുക്കുന്ന ഗുണഭോക്തൃ സമിതികളാണ് നടത്തിപ്പും അറ്റകുറ്റപ്പണികളും നടത്തേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly